ഫലപ്രദമായി പ്രയോജനപ്പെടുത്തി കെട്ടിക്കിടക്കുന്ന വസ്ത്രങ്ങൾ വിറ്റഴിച്ച് പ്രാഥമിക സംഘങ്ങൾക്ക് നൽകാനുള്ള തുക കഴിയുന്നത്ര വേഗം നൽകണമെന്ന് നിർദ്ദേശം നൽകുന്നതാണ്.

(സി) കഴിഞ്ഞ മൂന്നു വർഷത്തിൽ 84.58 കോടി രൂപ ചെലവഴിച്ചു. ഇതിൽ 58.29 കോടി രൂപ സംസ്ഥാന വിഹിതമാണ്.

(ഡി) മാർക്കറ്റിംഗ് ഡവലപ്മെന്റ് അസിസ്റ്റൻസ്, റിബേറ്റ്, സെൻ വാറ്റ് പദ്ധതി എന്നീ ഇനങ്ങളിൽ കേന്ദ്ര സർക്കാർ അനുവദിച്ച 298.88 ലക്ഷം രൂപ സംഘങ്ങൾക്കും ഹാൻഡെക്സ്, ഹാൻവീവ് എന്നീ സ്ഥാപനങ്ങൾക്കും നൽകാനുണ്ട്.

റെഡിമെയ്ഡ് വസ്ത്രങ്ങളുടെയും തുണിത്തരങ്ങളുടെയും കയറ്റുമതി

9 [1303] ശ്രീ. ജോർജ് ജെ. മാത്യു:
,, ടി. യു. രാധാകൃഷ്ണൻ :
ശ്രീമതി. മാലേത്ത് സരളാദേവി:
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:
,, ജി. പ്രതാപവർമ്മ തമ്പാൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുനിന്ന് റെഡിമെയ്ഡ് വസ്ത്രങ്ങളും തുണിത്തരങ്ങളും കയറ്റുമതി ചെയ്യപ്പെടുന്നുണ്ടോ;

(ബി) എങ്കിൽ കഴിഞ്ഞ വർഷം എന്തു തുകയ്ക്കുള്ള തുണിത്തരങ്ങളും റെഡിമെയ്ഡ് വസ്ത്രങ്ങളുമാണ് കയറ്റുമതി ചെയ്തത്;

(സി) ഏതെല്ലാം രാജ്യങ്ങളിലേക്കാണ് ഇവ കയറ്റി അയച്ചത് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(സി) യു. എസ്. എ., യൂറോപ്യൻ രാജ്യങ്ങൾ, കാനഡ എന്നീ രാജ്യങ്ങളിലേക്ക്.

കൈത്തറി നെയ്ത്തുകാർക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി

10 [1305] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി നെയ്ത്തുകാർക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര തൊഴിലാളികൾ ഈ പദ്ധതിയിൽ അംഗങ്ങളായിട്ടുണ്ട്;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly